# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1347

08.02.2013 ൽ - മറുപടിക്ക്

## നിലവാരം കുറഞ്ഞ അരിപിടിച്ചെടുത്ത കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കർഷകരിൽ നിന്ന് സംഭരിച്ച നെല്ല് കുത്തി അരിയാക്കി നൽകുന്നതിനുപകരം മോശമായ അരി നൽകിയ മില്ലിനെതിരായി കോടതിയിൽ രജിസ്റ്റർ ചെയ്ത കേസ്സ് സപ്ലൈകോ പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ; ആരുടെയെല്ലാം നിർദ്ദേശ പ്രകാരമാണ് പ്രസ്തുത കേസ് പിൻവലിച്ചത്; വ്യക്തമാക്കുമോ; | (എ) | ഗുണനിലവാരം കുറഞ്ഞ അരി സൂക്ഷിച്ചതിന് പള്ളിക്കൽ അഗ്രോമിൽസ് കാലടി, കാർത്തിക മോഡേൺ റൈസ്മിൽ കാഞ്ഞൂർ എന്നീ മില്ലുകൾക്കെതിരെ കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളൊന്നും പിൻവലിച്ചിട്ടില്ല. |
| (ബി) | കാലടി പള്ളിക്കൽ അഗ്രോമില്ലിൽ നിന്നും പിടിച്ചെടുത്തതും, പെരുമ്പാവൂർ കോടതിയിൽ കേസ്സ് രജിസ്റ്റർ ചെയ്തതുമായ എത്ര കിലോ കുത്തരിയാണ് കേസ് പിൻവലിച്ചതിനുശേഷം കേസ്സുമായി ബന്ധപ്പെട്ട അതേ സ്വകാര്യ മിൽ ഉടമയ്ക്ക് മറിച്ചു വിറ്റത്; കിലോയ്ക്ക് എത്ര രൂപ നിരക്കിൽ ; വിശദമാക്കുമോ ; | (ബി) | പള്ളിക്കൽ അഗ്രോമില്ലിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞ 885 ക്വി. (88,500 കി.ഗ്രാം) അരിയുടെ കസ്റ്റഡി 22.11.2012 ൽ സപ്ലൈകോയ്ക്ക് ലഭിച്ചു. പൊതുവിതരണ സംവിധാനം വഴി ഈ അരി വിതരണം നടത്താൻ സാദ്ധ്യമല്ലാത്തതിനാലും സപ്ലൈകോ വഴി വിറ്റഴിച്ചാൽ സപ്ലൈകോയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനാലും ഡിസംബർ മാസത്തെ ഇ-ടെണ്ടറിൽ മട്ട അരിക്ക് രേഖപ്പെടുത്തിയ കൂടിയ വിലയായ കി.ഗ്രാമിന് 34.39 രൂപ വച്ച് പള്ളിക്കൽ അഗ്രോമില്ലിൽ നിന്ന് ഈടാക്കുകയും ഈ അരി ടി മില്ലിന് തിരികെ കൊടുക്കുകയും ചെയ്തു. എന്നാൽ, ടി മില്ലിന് എതിരായ കേസ് പിൻവലിച്ചിട്ടില്ല. |
| (സി) | 2012 ജൂലൈ 3 ന് മില്ലിൽ നിന്ന് മോശമായ അരി പിടിച്ചെടുക്കുകയും പിന്നീട് വിദഗ്ധ പരിശോധനയിലും മോശം അരിയാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം കാലടി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് പെരുമ്പാവൂർ കോടതിയിൽ സമർപ്പിക്കുകയും ചെയ്തതിനുശേഷം സ്വകാര്യ മിൽ ഉടമയുടെ സമ്മർദ്ദത്തിന് വഴങ്ങി അരി നല്ലതാണെന്ന് കോടതി | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | യിൽ കള്ള സത്യവാങ്മൂലം നൽകിയെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നൽകിയ സപ്ലൈകോയിലെ ഉദ്യോഗസ്ഥരുടെ നടപടിക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | നിലവിൽ സപ്ലൈകോ ഘട്ടം ഘട്ടമായി കടുക്, ജീരകം, ഉലുവ, വൻപയർ തുടങ്ങി ഒട്ടുമിക്ക സാധനങ്ങൾക്കും സബ്സിഡി നിർത്തലാക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന മികച്ച സംവിധാനം തകർക്കുന്നതായി ശ്രദ്ധയിൽപെട്ടുവോ; | (ഡി) | മാവേലി സ്റ്റോറുകളിൽ വിൽപ്പന കുറവായ ഉലുവ, കടുക്, ജീരകം, ഉഴുന്ന് പരിപ്പ്, പീസ് പരിപ്പ്, ബോധന അരി എന്നീ സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഇതിന് പകരം വിൽപ്പന കൂടുതലായ ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നിവ സബ്സിഡി ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന രൂക്ഷമായ വിലക്കയറ്റം പിടിച്ചു നിർത്താൻ പൊതുമാർക്കറ്റിൽ സപ്ലൈകോ പോലുള്ള സ്ഥാപനങ്ങൾ തീരെ ദുർബലമായാണ് പ്രവർത്തിക്കുന്നതെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ? | (ഇ) | വിപണിയിലുണ്ടാകുന്ന വില വ്യത്യാസം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നിലവിലുള്ള മാർക്കറ്റിടപെടൽ പദ്ധതി പര്യാപ്തവും ഫലപ്രദവുമാണ്. |

സെക്ഷൻ ഓഫീസർ